# യഹോവ എന്റെ ഇടയൻ

## യെഹെസ്കേൽ 34:14

"നല്ല മേച്ചൽപുറത്തു ഞാൻ അവയെ മേയിക്കും;"

ദൈവം തന്റെ ജനത്തെ ആടുകളോടു ഉപമിച്ചിരിക്കുന്ന നിരവധി വേദഭാഗങ്ങളിൽ ഒന്നാണ് ഇത്. തന്റെ ആടുകളെ മേയിക്കാൻ ആക്കിവെച്ച ഇടയന്മാരോടുള്ള യഹോവയുടെ വലിയ അരുളപ്പാടായിട്ടാണ് ഈ അദ്ധ്യായം തുടങ്ങുന്നത്. അവിടെ ഇപ്രകാരം പറയുന്നു, "തങ്ങളെത്തന്നേ മേയിക്കുന്ന ഇടയന്മാർക്കു അയ്യോ കഷ്ടം! ആടുകളെ അല്ലയോ ഇടയന്മാർ മേയിക്കേണ്ടതു?" ദൈവം തന്നെ തന്റെ ആടുകളുടെ ഇടയനായിരുന്ന് അവരെ മേയിക്കുമെന്ന ഉറപ്പ് ഇവിടെ നൽകിയിരിക്കുന്നു.

നാം ഓരോരുത്തരും ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തിലെ ആടുകളാണെന്ന ഓർമ്മയുണ്ടാകണം. ദൈവം തന്റെ കൈക്കലെ ആടുകളെ മേയിക്കുന്നത് നല്ല മേച്ചൽ പുറത്താണ്. ഒരു ആടിനെ സംബന്ധിച്ച് നല്ല മേച്ചൽ പുറമെന്നു പറയുമ്പോൾ ധാരാളം ഭക്ഷ്യ യോഗ്യമായ സസ്യങ്ങളുള്ള ഒരിടമായിരിക്കും. തണൽ നൽകാൻ വൃക്ഷങ്ങളും, ദാഹം ശമിപ്പിപ്പാൻ തെളിനീരുറവകളും ഉണ്ടായിരിക്കും. കടിച്ചു കീറുന്ന വന്യമൃഗങ്ങളെക്കുറിച്ചുള്ള ഭയം അലട്ടാത്ത സംരക്ഷണം നൽകുന്ന ഇടയൻ ഉണ്ടായിരിക്കും. തങ്ങളിൽ ബലഹീനമായവയെ ആ ഇടയൻ കൂടുതൽ കരുതുകയും എടുത്തു നടക്കുകയും ചെയ്യും. നമ്മുടെ നല്ല ഇടയനായ യേശു നമ്മെ നടത്തുന്നതും ഇത്തരം ആത്മീയ മേച്ചൽ പുറങ്ങളിലൂടെയായിരിക്കും. കൂട്ടം വിട്ട് സ്വന്ത ഇഷ്ടപ്രകാരം ഓടുന്ന ആടുകൾ കുടുക്കിലും കെണിയിലും പെടുകയോ ക്രൂരമൃഗങ്ങളാൽ ആക്രമിക്കപ്പെടുകയോ ചെയ്യുമെന്നതിനാൽ നാം നമ്മുടെ ഈ നല്ല ഇടയനോടു ചേർന്നു നടക്കണം, അവന്റെ വാക്കുകൾ ശ്രദ്ധിക്കണം, അനുസരിക്കണം.

നമ്മുടെ പേർചൊല്ലി വിളിക്കാനറിയുന്ന, നമ്മെ നന്നായി അറിയുന്ന ഇടയനാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു. അവിടുന്ന് നമ്മെ സ്വജീവൻ നൽകി രക്ഷിച്ചു. ദൈവവചനമാകുന്ന നല്ല മേച്ചൽ പുറം അവിടുന്ന് നമുക്കായ് ഒരുക്കിയിരിക്കുന്നു. ശുദ്ധ നീരുറവയായ പരിശുദ്ധാത്മാവിനെ പാനം ചെയ്യാൻ തന്നിരിക്കുന്നു. തന്റെ സംരക്ഷണം നമ്മെ സദാ പരിപാലിക്കട്ടെ. നമ്മിൽ നിന്നുണ്ടാകുന്ന ഫലങ്ങൾ, നമ്മുടെ സ്വഭാവം ഇവയെല്ലാം ഈ ഇടയനു പ്രസാദകരമാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 23:1-3

യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 132